NMG
NAZARETH MINISTRIES GLOBAL
WHATSAPP US AT : +61-423 783 450 | +91 77670 32819
EMAIL: info@nazarethministriesglobal.org
WEBSITE: www.nazarethministriesglobal.org

**DELIVERANCE PRAYER TO RESTORE DESTINY AND CALLING**

സ്വർഗ്ഗീയ പിതാവേ, കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ, യേശുക്രിസ്തുവിന്റെ അമൂല്യ രക്തത്തിന്റെ യോഗ്യതയാൽ ഞാനിപ്പോൾ എന്റെ വിടുതലനായി അങ്ങയുടെ സിംഹാസനത്തിന്റെ മുൻപിലേക്ക് കടന്നുവരുന്നു.

പ്രിയ പിതാവേ, ഞാനും എന്റെ പൂർവ്വപിതാക്കന്മാരും ചെയ്ത പാപങ്ങളും ലംഘനങ്ങളും , ഞങ്ങളെ വിവിധ പൈശാചിക ഉടമ്പടികളിലേക്കും ബന്ധനങ്ങളിലേക്കും കെണികളിലേക്കും നയിച്ചിട്ടുണ്ട്.

എന്നിരുന്നാലും, എഫെസ്യർ 1: 7 വചനപ്രകാരം, നമ്മുക്കു കർത്താവായ യേശുക്രിസ്തുവിന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പു ഉള്ളതിനാൽ ഞങ്ങൾ അങ്ങയോടു നന്ദി പറയുന്നു.

അതിനാൽ പിതാവേ, ഞങ്ങളോട് കരുണ ഉണ്ടാകണമേ എന്നും, ദുഷ്ടനിൽ നിന്നും ഞങ്ങളെ വിടുവിക്കണമേ

എന്നും കർത്താവായ യേശുവിന്റെ നാമത്തിൽ ഞങ്ങൾ അങ്ങയോട് പ്രാർത്ഥിക്കുന്നു.

കൊലൊസ്സ്യർ 1:20 വചനപ്രകാരം, കർത്താവ് ക്രൂശിൽ ചൊരിഞ്ഞ രക്തംകൊണ്ടു കർത്താവ് മുഖാന്തരം സമാധാനം ഉണ്ടാക്കി, ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകലത്തെയും കർത്താവിനെ ക്കൊണ്ടു തന്നോടു നിരപ്പിപ്പാനും പിതാവിന്നു പ്രസാദം തോന്നി.

ആയതിനാൽ ദൈവത്തിന്റെ നിത്യാത്മാവിലൂടെ യേശുക്രിസ്തുവിന്റെ ഏറ്റവും അമൂല്യമായ രക്തത്താൽ

- എന്റെ നാവിനെ കള്ളം പറയിപ്പിക്കുന്ന എല്ലാ കെണികളിൽ നിന്നും ഞാൻ എന്നെത്തന്നെ ശുദ്ധീകരിക്കുന്നു

- എന്റെ കണ്ണുകളെ അശുദ്ധമായതു കാണാൻ ഇടയാക്കിയ എല്ലാ കെണികളിൽ നിന്നും യേശുക്രിസ്തുവിനെ രക്തത്താൽ ഞാൻ എന്നെത്തന്നെ ശുദ്ധീകരിക്കുന്നു.

- എന്റെ ചെവിൽ കൂടെ അശുദ്ധമായ കാര്യങ്ങൾ കേൾക്കുവാൻ ഇടയാക്കിയ എല്ലാ കെണികളിൽ നിന്നും യേശുക്രിസ്തുവിനെ രക്തത്താൽ ഞാൻ എന്നെത്തന്നെ ശുദ്ധീകരിക്കുന്നു.

- ദുഷിച്ച ചിന്തകൾക്കും, ഭാവനകൾക്കും സങ്കൽപ്പങ്ങൾക്കും കാരണമായ എല്ലാ കെണികളിൽ നിന്നും യേശുക്രിസ്തുവിനെ രക്തത്താൽ ഞാൻ എന്നെത്തന്നെ ശുദ്ധീകരിക്കുന്നു.

എന്റെ ആത്മാവിനെയും ദേഹിയെയും ദേഹത്തെയും എല്ലാവിധ പൈശാചിക കെണികളിൽ നിന്നും ഞാനിപ്പോൾ യേശുക്രിസ്തുവിന്റെ നാമത്തിൽ വിച്ഛേദിക്കുന്നു...Disconnect ചെയ്യുന്നു.

പിതാവാം ദൈവമേ,അന്ധകാര മണ്ഡലത്തിൽ നിന്ന് എന്നെ വിടുവിച്ച് അങ്ങയുടെ പുത്രനും എന്റെ കർത്താവുമായ യേശുക്രിസ്തുവിന്റെ രാജ്യത്തിലേക്ക് എന്നെ മാറ്റിയതിനായി ഞാൻ നന്ദി പറയുന്നു.

എന്റെ ഉള്ളിലുള്ള എന്റെ കർത്താവ് ഈ ലോകത്തിലുള്ളവനേക്കാൾ വലിയവനാണ്.

എന്നിലും എന്റെ പിതാക്കന്മാരിലും ഉണ്ടായ ഭയം ജനിപ്പിച്ച ചിന്തകൾ, anxiety (ഉത്കണ്ഠ), depression (വിഷാദം), confusion (ആശയക്കുഴപ്പം), കാലതാമസം (delays ), തടസ്സങ്ങൾ (blocks) , അവിശ്വാസം (unbelief) ഇവ മുഖേന ഉണ്ടായ കെണികളിലൂടെ, എനിക്കോ എന്റെ പിതാക്കന്മാർക്കോ എതിരായി പിശാചിന് ലഭിച്ച എല്ലാ നിയമപരമായ ഉടമ്പടികളെയും അവകാശങ്ങളെയും

യേശുക്രിസ്തുവിന്റെ നാമത്തിൽ ഞാൻ നിർവീര്യമാക്കുന്നു നശിപ്പിക്കുന്നു.

എന്റെ ആത്മാവിനെയും ദേഹിയെയും ദേഹത്തെയും എല്ലാവിധ പൈശാചിക കെണികളിൽ നിന്നും അത് മുഖാന്തരം ഉണ്ടാ എല്ലാവിധ പൈശാചിക ഉടമ്പടികളിൽ നിന്നും യേശുക്രിസ്തുവിന്റെ നാമത്തിൽ ഞാനിപ്പോൾ വിച്ഛേദിക്കുന്നു...Disconnect ചെയ്യുന്നു.

**സങ്കീർത്തനം 32:7** ൽ പറയുന്നത് പോലെ,

കർത്താവ് എനിക്കു മറവിടമാകുന്നു; കർത്താവ് എന്നെ കഷ്ടത്തിൽനിന്നു സൂക്ഷിക്കും; രക്ഷയുടെ ഉല്ലാസഘോഷംകൊണ്ടു കർത്താവ് എന്നെ ചുറ്റിക്കൊള്ളും.

ഇനി പറയാൻ പോകുന്ന കാരണങ്ങളാൽ എന്നെയും എന്റെ പിതാക്കന്മാരെയും ആക്രമിക്കാൻ സാത്താനെ അനുവദിച്ച എല്ലാ നിയമപരമായ അവകാശങ്ങളെയും, പൈശാചിക ഉടമ്പടികളെയും, അതുപോലെ കർത്താവിന്റെ സന്നിധിയിൽ ദൈവഹിതത്തിന് പ്രാധാന്യം നൽകാതെയുള്ള എന്റെ ജീവിതത്തെയും ഞാൻ നിർവീര്യമാക്കുന്നു ക്യാൻസൽ ചെയ്യുന്നു.

ഇത് മൂലം പിശാച് എനിക്കെതിരെ ഉണ്ടാക്കിയ കെണികളായ എല്ലാ നാശകരമായ മഹാമാരിയും മരണകരമായ രോഗങ്ങളെയും യേശു നാമത്തിൽ ഞാൻ ക്യാൻസൽ ചെയ്യുന്നു.

* രാത്രിയിലെ ഭയത്തെ യേശു നാമത്തിൽ ഞാൻ ക്യാൻസൽ ചെയ്യുന്നു.

* പകൽ പറക്കുന്ന അസ്ത്രങ്ങളെ യേശു നാമത്തിൽ ഞാൻ ക്യാൻസൽ ചെയ്യുന്നു.

* ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരിയെ

യേശു നാമത്തിൽ ഞാൻ ക്യാൻസൽ ചെയ്യുന്നു.

* ഉച്ചയ്ക്ക് നശിപ്പിക്കുന്ന സംഹാരത്തെ യേശു നാമത്തിൽ ഞാൻ ക്യാൻസൽ ചെയ്യുന്നു.

നമ്മുടെ കർത്താവിന്റെ പാപപരിഹാര യാഗത്താൽ സ്ഥാപിക്കപ്പെട്ട, പുതുനിയമത്തിന്റെ വാഗ്ദത്തങ്ങളാൽ, ഈ പൈശാചിക തലങ്ങൾക്ക് എന്റെ മേലോ എന്റെ തലമുറകളുടെ മേലോ യാതൊരു അവകാശവും സ്വാധീനവും ഇല്ല എന്ന് ഞാൻ പ്രഖ്യാപിക്കുന്നു.

**Spirit of Cobra**

കുടുംബ ജീവിതത്തെ താളം തെറ്റിക്കുന്ന കോബ്രയുടെ ആത്മാവിനെ യേശുവിന്റെ നാമത്തിൽ ഞാൻ ശാസിക്കുന്നു

ദൈവീക പദ്ധതികൾക്കു കാലതാമസം വരുത്തുന്ന (delay) കോബ്രയുടെ ആത്മാവിനെ യേശുവിന്റെ നാമത്തിൽ ഞാൻ ശാസിക്കുന്നു.

നാശത്തെയും മരണത്തെയും കൊണ്ടുവരുന്ന കോബ്രയുടെ ആത്മാവിനെ യേശുവിന്റെ നാമത്തിൽ ഞാൻ ശാസിക്കുന്നു.

മറഞ്ഞിരിക്കുന്ന ശത്രുക്കളെയും, നല്ലതല്ലാത്ത കൂട്ടുകാരെയും, കെണികൾ ഒരുക്കുന്ന ആൾക്കാരെയും ഉണ്ടാക്കുന്ന കോബ്രയുടെ ആത്മാവിനെ യേശുവിന്റെ നാമത്തിൽ ഞാൻ ശാസിക്കുന്നു.

**Spirit of Dragon**

എന്റെ മേലുള്ള ദൈവീക വിളിയെയും തിരഞ്ഞെടുപ്പിനെയും കാലതാമസം വരുത്തുകയും(delay) അതിനെതിരെ ബലിപീഠങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്ന ഡ്രാഗൺ സ്പിരിറ്റിന് യേശുവിന്റെ നാമത്തിൽ ഞാൻ ശാസിക്കുന്നു.

എന്റെ ജീവിതത്തെ നശിപ്പിക്കുവാനും താളം തെറ്റിക്കുവാനും ശ്രമിക്കുന്ന ഡ്രാഗൺ സ്പിരിറ്റിന് യേശുവിന്റെ നാമത്തിൽ ഞാൻ ശാസിക്കുന്നു.

ദൈവത്തിന്റെ വഴിയിൽ നിന്നും ആളുകളെ വഴിതെറ്റിക്കുവാൻ വഞ്ചനാപരമായ തന്ത്രങ്ങൾ സൃഷ്ടിക്കുന്ന ഡ്രാഗൺ സ്പിരിറ്റിന് യേശുവിന്റെ നാമത്തിൽ ഞാൻ ശാസിക്കുന്നു.

## Serpentine Spirits

വഞ്ചനയും ബന്ധനങ്ങളും ഉണ്ടാക്കുന്ന എല്ലാ സെർപെന്റ്ൻ സ്പിരിറ്റുകളെയും യേശുവിന്റെ നാമത്തിൽ ഞാൻ ശാസിക്കുന്നു.

വലിയ നാശനഷ്ടങ്ങൾ വരുത്തുന്ന ദുരന്തങ്ങളെ ഉണ്ടാക്കുകയും കുടുംബങ്ങളെ വലിയ ദുരിതത്തിലേക്ക് കടത്തിവിടുകയും ചെയ്യുന്ന എല്ലാ സെർപെന്റ്ൻ സ്പിരിറ്റുകളെയും യേശുവിന്റെ നാമത്തിൽ ഞാൻ ശാസിക്കുന്നു.

ദൈവവചനത്തെ വിലകുറച്ചു കാണുവാനോ, അതിന് ഉപേക്ഷിക്കുവാനോ പ്രലോഭിപ്പിക്കുന്ന, ദൈവികമല്ലാത്ത സ്വാധീനങ്ങൾ കൊണ്ടുവരുന്ന എല്ലാ സെർപെന്റ്ൻ സ്പിരിറ്റുകളെയും യേശുവിന്റെ നാമത്തിൽ ഞാൻ ശാസിക്കുന്നു.

ദൈവത്തെ ആരാധിക്കുവാനുള്ള താല്പര്യത്തെ കുറയ്ക്കുകയും, പ്രാർത്ഥനാ ജീവിതത്തിൽ കുറവ് വരുത്തുകയും, ജീവിതത്തിൽ വലിയ സമ്മർദ്ദവും നിസ്സഹായതയും ഉണ്ടാക്കുകയും ചെയ്യുന്ന എല്ലാ സെർപെന്റ്ൻ സ്പിരിറ്റുകളെയും യേശുവിന്റെ നാമത്തിൽ ഞാൻ ശാസിക്കുന്നു.

**Spirit of Spider**

കൺഫ്യൂഷനെ കൊണ്ടുവരുന്ന സ്പൈഡറിന്റെ ആത്മാവിനെ യേശുവിന്റെ നാമത്തിൽ ഞാൻ ശാസിക്കുന്നു.

എന്റെ ജീവിത പുരോഗതിയിൽ കാലതാമസം വരുത്തുന്ന സ്പൈഡറിന്റെ ആത്മാവിനെ യേശുവിന്റെ നാമത്തിൽ ഞാൻ ശാസിക്കുന്നു.

എന്റെ സാമ്പത്തിക ഉയർച്ചകളെ തടയുന്ന സ്പൈഡറിന്റെ ആത്മാവിനെ യേശുവിന്റെ നാമത്തിൽ ഞാൻ ശാസിക്കുന്നു.

ദൈവമക്കളെ ഉപദ്രവിക്കുന്ന സ്പൈഡറിന്റെ ആത്മാവിനെ യേശുവിന്റെ നാമത്തിൽ ഞാൻ ശാസിക്കുന്നു.

**Spirit of Scorpion**

പുറകിൽ നിന്ന് കുത്തുകയും, വിഷം കുത്തിവെക്കുകയും, വേദനകൾ ഉണ്ടാക്കുകയും ചെയ്യുന്ന സ്കോർപ്പിയോണിറ്റയ് സ്പിരിറ്റിനെ യേശുവിന്റെ നാമത്തിൽ ഞാൻ ശാസിക്കുന്നു

സ്വന്തം ഭവനത്തിൽ ശത്രുക്കളെ ഉണ്ടാക്കുന്ന സ്കോർപ്പിയോണിറ്റയ് സ്പിരിറ്റിനെ യേശുവിന്റെ നാമത്തിൽ ഞാൻ ശാസിക്കുന്നു.

മരണത്തെയും അപകടങ്ങളെയും കൊണ്ടുവരുന്ന സ്കോർപ്പിയോണിറ്റയ് സ്പിരിറ്റിനെ യേശുവിന്റെ നാമത്തിൽ ഞാൻ ശാസിക്കുന്നു.

**Spirit of lion**

എന്റെ ജീവിതത്തിൽ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന ലയൺ സ്പിരിറ്റിനെ യേശുവിന്റെ നാമത്തിൽ ഞാൻ ശാസിക്കുന്നു.

എന്റെ ജീവിതത്തിൽ (anxiety) ആൻസൈസ്റ്റിയും ഡിപ്രഷനും കൊണ്ടുവരുന്ന, പലവിധത്തിലുള്ള ഭയങ്ങളെ കൊണ്ടുവരുന്ന ലയൺ സ്പിരിറ്റിനെ യേശുവിന്റെ നാമത്തിൽ ഞാൻ ശാസിക്കുന്നു.

കർത്താവിന്റെ ഉയർപ്പിന്റെ ശക്തിയാൽ സ്ഥാപിക്കപ്പെട്ട പുതിയ നിയമ വാഗ്ദത്തങ്ങളാൽ ഈ പൈശാചിക ശക്തികൾക്ക് ഒന്നും തന്നെ എന്റെ മേലോ

എന്റെ തലമുറകളുടെ മേലോ യാതൊരു അവകാശവും സ്വാധീനവും ഇല്ല എന്ന് ഞാൻ പ്രഖ്യാപിക്കുന്നു.